**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - കോതമംഗലം നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. പ്രേംനാഥ്. കെ.ആർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ. 157/2018 ൽ 23.02.2018 തീയതിയിലുണ്ടായ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 1205/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.04.2018

---

പരാമർശം : 1) കോതമംഗലം നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. പ്രേംനാഥ്. കെ.ആർ സർക്കാരിൽ സമർപ്പിച്ച 16/02/2018 തീയതിയിലെ നിവേദനം. (Annexure A9).

2) ശ്രീ. പ്രേംനാഥ്. കെ.ആർ, ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 157/2018 നമ്പർ കേസിൽ 23.02.2018 തീയതിയിലുണ്ടായ വിധിന്യായം.

**ഉത്തരവ്**

കോതമംഗലം നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. പ്രേംനാഥ്. കെ.ആർ പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ, ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി കോതമംഗലം നഗരസഭയിൽ ജോലിനോക്കി വരുന്ന കൊല്ലം ജില്ലാ നിവാസിയും പട്ടിക വിഭാഗത്തിൽപ്പെട്ടയാളും ഹൃദയസംബന്ധിയായ രോഗത്തിനും ആസ്തമയ്ക്കും മരുന്ന് കഴിച്ചു കൊണ്ടിരിക്കുന്നയാളും 80 വയസിനു മുകളിൽ പ്രായമായ അമ്മയും, മാനസിക വിഭ്രാന്തിയ്ക്ക് മരുന്നു കഴിയ്ക്കുന്ന ഭാര്യയും രണ്ട് ചെറിയ കുട്ടികളുമടങ്ങിയ കുടുംബമായതിനാൽ തനിയ്ക്ക് കൊല്ലം ജില്ലയിലെ നഗരസഭകളിലേതെങ്കിലു-മൊന്നിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. കൂടാതെ ഇതേ ആവശ്യമുന്നയിച്ച് ശ്രീ. പ്രേംനാഥ് കെ.ആർ. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 157/2018 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അനക്ഷർ A9 അപേക്ഷ പരിശോധിച്ച് അപേക്ഷകനെ നേരിൽകേട്ട് അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയം

ഭരണ അണ്ടർ സെക്രട്ടറി, 12.04.2018-ന് -ന് ശ്രീ. പ്രേംനാഥ് കെ.ആർ. നെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽകേട്ട സമയത്തും ടിയാൾ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിലെ വാദങ്ങൾ ആവർത്തിക്കുകയുണ്ടായി.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി കൊല്ലം നഗരസഭയിൽ ജോലി നോക്കിവന്ന ശ്രീ. പ്രേംനാഥ്. കെ.ആർ. നെ 27.02.2017 ലെ ഉത്തരവു പ്രകാരം ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി കോതമംഗലം നഗരസഭയിൽ നിയമിക്കുകയാണുണ്ടായത്. 25.02.2017-ലെ സർക്കാർ ഉത്തരവിലെ പരിരക്ഷിക്കപ്പെട്ട പ്രഥമഗണനീയ വിഭാഗത്തിൽപ്പെട്ടയാളായതിനാലും പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും അക്കാര്യങ്ങൾ പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്ന് നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽകേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 9 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ശ്രീ. കെ.ആർ. പ്രേംനാഥിന്റെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ പ്രകാരം കൊല്ലം ജില്ലയിലെ നഗരസഭകളിലേതെങ്കിലുമൊന്നിൽ ടിയാന് സ്ഥലംമാറ്റം നൽകുന്നത് പരിഗണിക്കുന്നതിനും, എന്നാൽ ഒന്നിലധികം ജീവനക്കാർ കൊല്ലം ജില്ലയിലെ നഗരസഭകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ 25.02.2017 ലെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പരിശോധിച്ച് അർഹതയുള്ള ജീവനക്കാരെ മാത്രം സ്ഥലംമാറ്റുന്നതിനും നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം 2-ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സന്തോഷ്,**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. പ്രേംനാഥ്. കെ.ആർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I,
കോതമംഗലം നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**